File No.LSGD-DD1/26/2019-LSGD

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 31-12-2019 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- R.I.D.F, P.M.G.S.Y. പോലുള്ള പദ്ധതികളുടെ പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ മുൻകൂട്ടി പ്രവൃത്തികൾ കണ്ടെത്തി പ്രാഥമിക അന്വേഷണ പ്രവൃത്തികളായ സൈറ്റ് സർവേ, സോയിൽ ടെസ്റ്റ്, ഡി.പി.ആർ തുടങ്ങിയവ തയ്യാറാക്കി വയ്ക്കുന്നതിനുവേണ്ടി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾക്കൊള്ളിച്ച് തുക വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.242/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/02/2019

---

പരാമർശം:- 1 ഗ്രാമവികസന കമ്മീഷണറുടെ 14-12-2018 ലെ 12/2018/സിആർഡി നമ്പർ കുറിപ്പ്

2 31-12-2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.29-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ ആർ.ഐ.ഡി.എഫ്., പി.എം.ജി.എസ്.വൈ. പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന/നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾ പലതും അവയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കോ അധികാരസ്ഥാനത്തുനിന്നും അറിയിപ്പ് ലഭ്യമാക്കുന്ന മുറയ്ക്കോ മാത്രം പ്രാഥമിക അന്വേഷണ പ്രവൃത്തികളായ സൈറ്റ് സർവേ, സോയിൽ ടെസ്റ്റ്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവ നടത്തുന്ന രീതിയാണ് നിലവിൽ അവലംബിച്ചു വരുന്നത്. ഇത് മൂലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ്/ഡി.പി.ആർ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളിൽ സമയ ബന്ധിതമായി സമർപ്പിച്ച് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി നിർവ്വഹണം സമയബന്ധിതമായി ആരംഭിക്കുന്നതിനും കഴിയാതെ വരുന്നുണ്ടെന്നും അതിനാൽ RIDF-PMGSY പോലുള്ള പ്രോജക്ടുകൾക്ക് പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ മുൻകൂട്ടി പ്രവൃത്തികൾ കണ്ടെത്തി പ്രാഥമിക ആന്വേഷണ പ്രവൃത്തികളായ സൈറ്റ് സർവേ, സോയിൽ ടെസ്റ്റ്, ഡി.പി.ആർ തുടങ്ങിയവ തയ്യാറാക്കി വയ്ക്കുന്നതിനുവേണ്ടി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾക്കൊള്ളിച്ച് തുക വകയിരുത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു. 30.12.2018-ൽ ചേർന്ന വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിഗണിക്കുകയും, ഇതിന് വകയിരുത്തുന്ന തുക പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31-12-2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ആർ.ഐ.ഡി.എഫ്., പി.എം.ജി.എസ്.വൈ. പോലുള്ള പ്രോജക്ടുകൾക്ക് പ്രൊപ്പോസലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ മുൻകൂട്ടി പ്രവൃത്തികൾ കണ്ടെത്തി പ്രാഥമിക അന്വേഷണ പ്രവൃത്തികളായ സൈറ്റ് സർവേ, സോയിൽ ടെസ്റ്റ്, ഡി.പി.ആർ തുടങ്ങിയവ തയ്യാറാക്കി വയ്ക്കുന്നതിനുവേണ്ടി വാർഷിക പദ്ധതിയിൽ **പശ്ചാത്തല മേഖലയിൽ** പ്രോജക്റ്റ് ഉൾപ്പെടുത്തി തുക വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ് :

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.02. 16:49:34 IST
Reason: Approved
സെക്ഷൻ ഓഫീസർ